# ഒരു പൊട്ടിച്ചൂട്ടിന്റെ വെളിച്ചം

**ജി. എൻ. പിള്ള**

പണ്ടെന്നോ കണ്ടുമറഞ്ഞ ഒരു സ്വപ്നം മിന്നലായി പുറത്തേക്കു വരുന്നു. മിന്നൽ ചൂട്ടുമായി മന്നിൽ പുതിയ ലോകം ബോധം വിതയ്ക്കുന്നു. പാതി മറഞ്ഞ ചേതനയിൽ പണ്ടത്തെ മന്ത്രലോകം പുതിയ കാലം തേടുന്നു. അബോധത്തിന്റെ ചൂട്ടിൽ ബോധത്തെയും ബോധത്തിന്റെ നേരിയ നാളത്തിൽ അബോധത്തിന്റെ മച്ചകത്തേയും കാണുമ്പോൾ ലോകം മറയുന്നു. ബോധാബോധങ്ങളെ സമീകരിക്കുന്ന സേതു പുതിയ കാലത്തിന്റേതല്ലാത്തതുകൊണ്ട് ഭയം ബാധിക്കുന്നു. ഈ ഭയം ഒരു കടങ്കഥയാണ്. എങ്കിലും ഈ കടങ്കഥയാണ് മനുഷ്യവർഗ്ഗത്തിന്റെ ബോധകഥ.

## വെളിച്ചത്തിന്റെ വേദന

കഴിഞ്ഞ യുഗത്തിന്റെ സന്ധികാലത്തെ പുതുക്കിവെയ്ക്കുക എന്ന പൂജാസമ്പ്രദായമാണ് ഇന്നും മനുഷ്യൻ പുലർത്തിപ്പോരുന്നത്. കഴിഞ്ഞതിനെ പുനർനവം ചെയ്യുകയും പുതിയതിനെ പൂർണതയിലേക്ക് നയിക്കുകയും ചെയ്യുക എന്ന രസതാളമാണ് അനാദിയുടേത്. ഇവിടെ പൊട്ടി നിങ്ങളോട് ഒരു ചോദ്യം ചോദിക്കുന്നു: കാലത്തേയും ബോധത്തേയും നവീകരിച്ചുകൊണ്ട് പൂർണതയിലേക്കു നീങ്ങണമോ, കാലത്തെ കോപിപ്പിച്ചുകൊണ്ട് സന്ധിചെയ്യണമോ? ആരുടെ ചോരയിലും ശുദ്ധിയില്ലെന്നു കണ്ട് ആ ചിത്തം നിങ്ങളോട് 'തപ്' (തപസ്സ്) എന്നു പറയുന്നു. ഔചിത്യബോധം തീരെയില്ലാത്ത നിങ്ങൾ തെച്ചിപ്പൊന്തയിലേക്കു ചെമപ്പിച്ചു തുപ്പുന്നു. ചെമ്പൻ പൊന്തയിൽ തെറിച്ച തുപ്പലിന്റെ ചോപ്പിൽ ബലിക്രിയയുടെ ക്രൂരരസം തേടുന്നു. ഒടുവിൽ തെറ്റായ ബോധത്തിൽ ചുറ്റിത്തിരിഞ്ഞ് വീടെത്താനാവാതെ വീഴുന്നു. ചിത്തത്തിനുമപ്പുറത്തുനിന്ന് ചിട്ടയിൽ ചിന്തുപാടുന്ന (chant) ഈ അമ്മയാണ് ബോധം. എന്നാൽ ചിത്തം കെട്ടുപോകുമ്പോൾ നിങ്ങളെ സമീപിക്കുന്ന മറ്റൊരു ശക്തിയുണ്ട്. ചെമ്പൻ തലമുടിയും അമ്പിളിക്കലയും ചൂടിയ നിങ്ങളുടെ പൂർവബോധം. അപ്പുറത്തേക്കു പോകാനാവാതെ ഇപ്പുറത്തുനിന്നു കരയുന്ന ഭൂതം. അപ്പുറത്തേക്കു പോകാൻ ആലംബമായി നിർമലമായ ഒരു ചിത്തം തേടുന്ന നിറം മങ്ങിയ പൂർവപുണ്യം. അപ്പുറത്തും ഇപ്പുറത്തും നിന്ന് അമ്മമാർ വേദനിക്കുന്നത് ഓരോ കർമത്തിനു വേണ്ടിയാണ്. രണ്ടും ഒന്നാകയാൽ രണ്ടുപേരും ചേർന്ന് ഒരു കർമത്തെ പൂർത്തീകരിച്ചുകൊണ്ട് ഒരു കാലഘട്ടത്തെ നവീകരിക്കുകയാണ് ചെയ്യുന്നത്. കാലം നവീകരിക്കുക എന്ന അഭിബോധത്തിന്റെ പുനഃസ്മൃതിയുടെ പുനരാവിഷ്കാരമാണ് ഇടശ്ശേരിയുടെ പൊട്ടിച്ചൂട്ടിലെ വെളിച്ചത്തിന്റെ വേദന.

കാലത്തിന്റെ രോഷം കാര്യകർമ്മങ്ങളെ ബാധിക്കുന്നത് കാകോളമായിട്ടുതന്നെ. ആദിബോധത്തെ വിമലീകരിച്ചു തിരിച്ചെടുക്കാൻ കഴിയാതെ വരുന്നതാണ് ബോധത്തിൽ സംഭവിക്കുന്ന ഭൂതകാലത്തിന്റെ മുലയുണ്ണുന്നത്; പൂതനയുടെ മുലയുണ്ണുന്നതുപോലെ തന്നെ. വിഷവും ചൈതന്യവും ഒരുപോലെ വിമലീകരിച്ചെടുക്കാൻ കഴിയാത്തവർക്ക് ബോധത്തോടൊപ്പം ജീവിതവും പോയ്പ്പോകമെന്നതാവും പരിണാമം. ചത്ത പൂതനയുടെ മുലക്കണ്ണീമ്പിക്കൊണ്ട് ശവശരീരത്തിൽ കളിക്കുന്ന കണ്ണനും ചടുലതയോടെ ചുടലക്കളത്തിൽ നൃത്തമാടുന്ന ശിവനും കാലത്തിന്റെ ഗതിതാളം തിരിക്കുന്നവരാണ്. ഭൂതത്തെ വിഭൂതിയാക്കാനും വിഭൂതിയെ ബോധമാക്കാനും ബോധത്തെ പുതിയ കാലത്തോടു സമന്വയിക്കാനും ത്വരിപ്പിക്കുന്ന അമാനുഷകർമ സമ്പ്രദായങ്ങളെയാണല്ലോ ഇവ ധ്വനിപ്പിക്കുന്നത്. ചെട്ടിത്തപ്പു കൊട്ടാനും ചെത്തിപ്പൂ ചുവപ്പിക്കാനും പട്ട കെട്ടാനും ഭൂതബലിയർപ്പിക്കാനും പലരും ഇന്നും ശ്രമിക്കാറുണ്ട്, അർത്ഥം അറിഞ്ഞു കൂടെങ്കിലും. ചത്തും കെട്ടും പട്ടും പോയതിനെ തിരിച്ചു കൊടുത്തു ശുദ്ധിനേടുക എന്ന ബോധത്തിന്റെ തന്ത്രവിദ്യയാണിത്. പുന്നെല്ലിനോടൊപ്പം പുതിയ കലം (കാലം) വാങ്ങി പാകംചെയ്യാനും പുതിയ ചട്ടിയിൽ (ചിട്ട, ചിത്ത്) കറി (ക്രിയ) വെയ്ക്കാനും പഠിച്ചിരുന്നവർ ഒരിക്കൽ പരീക്ഷിച്ചു നോക്കിയിരുന്നതായിരുന്നു കാലത്തേയും ബോധത്തേയും പുനർവം ചെയ്യുന്ന ഈ തന്ത്രം. അധികാരവും കാലവും ഒരുമിച്ചു ചേരാത്തതുകൊണ്ട് അരിവാൾ കയ്യിലുണ്ടെങ്കിലും കൊയ്യാനാവില്ലെന്നാണല്ലോ ഇടശ്ശേരിയുടെ വിപ്ലവസിദ്ധാന്തം. അധികാരം ഒരു ബോധക്രിയയാകയാൽ അതു വിളയുന്ന കാലംവരെ കർമം ചെയ്യണമെന്നും അതു പാകപ്പെട്ടു കഴിയുമ്പോൾ കൊയ്ത്തു ആര്യമാർഗത്തിൽ തന്നെയാകാമെന്നുമാണല്ലോ അദ്ദേഹം ആശ്വസിക്കുന്നത്.

'അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടെ പൊന്നാര്യൻ'

പുതിയ കാലത്തെ പുനർനവം ചെയ്യുക എന്ന ആശയം തന്നെയാണ് പുത്തൻ കലത്തിനു ചുറ്റും പഴയ അരിവാളുകൾ തേച്ചുനിരത്തിവെച്ചുകൊണ്ട് അദ്ദേഹം വെളിപ്പെടുത്തുന്നത്.

പുതിയ മഹത്ത്വത്തിന് പുത്തൻ ബലിക്കല്ല് എന്നൊരു ചൊല്ലുണ്ട്. പുതുമയെ പൂർത്തീകരിക്കുവാൻ വേണ്ടി പഴമയെ തൃപ്തിപ്പെടുത്തുക എന്ന തർപ്പണരഹസ്യം തന്നെ അത്. പേടിപ്പെടുത്തുന്ന ആശയമാണെങ്കിലും പ്രകടമായ ക്രിയാകലാപം കൊണ്ട് പ്രദീപ്തമാണ് 'കാവിലെ പാട്ടി'ന്റെ മുഖം. കാലത്തെ കവിതയിലേക്കും കവിതയെ കാലത്തിലേക്കും വിളിക്കുന്ന രണ്ടു സമ്പ്രദായങ്ങളാണ് ഇതിലെ ലോകം. ആദിക്കു സമർപ്പിച്ചുകൊണ്ട് അനാദിയെ വിളിക്കുക എന്ന് ധ്യാനനിയമമുണ്ട്. ആദിയിൽ അനാദി വ്യാപിക്കുമ്പോൾ ആദി മറയുകയും അനാദി തെളിയുകയുമാണ് ചെയ്യുന്നത്. ക്രൗര്യത്തെ മധുരീകരിച്ചുകൊണ്ട് താരുണ്യം ബലിയർപ്പിക്കപ്പെട്ടു എന്നു വാദിക്കുന്നവരുണ്ടാവാം. കന്യയെ ബലികഴിപ്പിച്ചുകൊണ്ട് അമ്മയെ വെളിയിൽ വരുത്തി എന്നതാണ് വാസ്തവം. അമ്മ വന്ന് കളത്തിൽ നിന്നതിനുശേഷം കന്യയെ കാണാനാവില്ലെന്നാണല്ലോ കവിതയുടെ പരിണാമം. താരുണ്യത്തിന്റെ ചോരയിൽ ധർമമാധുര്യമുണ്ടെന്നു കാണുന്ന യക്ഷശക്തിയുമുണ്ടല്ലോ, മാറിൽ കോരിത്തരിക്കുമ്പോൾ മകനെ ചോദിച്ചുകൊണ്ടെത്തുന്ന ഇടശ്ശേരിയുടെ പൂതത്തിൽ. കന്യക വിശുദ്ധീകരിക്കപ്പെടുമ്പോൾ അമ്മയാകുമെന്നും മക്കളിലെ ആസുരതയെ അകറ്റുവാൻ വേണ്ടി സ്വയം സിദ്ധിയായി മാറുമെന്നും പാതി വാച്യമായി പറഞ്ഞുനിർത്തുന്ന കവിതയാണിത്. എങ്കിലും, ആസുരമായ താളത്തിൽ ആദിബോധത്തിന്റെ രതിപ്രക്രിയയെ അവതരിപ്പിക്കാൻ കഴിഞ്ഞു വെന്നതാണ് ഈ കവിതയുടെ പ്രകടമായ വൈചിത്ര്യം. ബലിയിൽ രതിവച്ചുകൊണ്ട് രതിയെ ക്രൂരമായി ബലി കഴിക്കുന്നു എന്നതാണ് അതിന്റെ തിരിഞ്ഞ താളം.

കാലത്തിനുവേണ്ടി ബലികഴിക്കാമെങ്കിൽ കാലത്തെ ബലികഴിച്ചുകൊണ്ടും കാവ്യകർമം നേടാമെന്ന ആശയമാണ് 'പൊട്ടിപുറത്ത് ശിവോതിയകത്ത്' എന്ന കവിത. പൊട്ടിയെ ശിവോതി യാക്കിയില്ലെങ്കിൽ ശിവോതി തന്നെ പൊട്ടിയായി മാറുമെന്നാണ് കവിയുടെ പ്രവചനം. പൊട്ടിപ്പോയ ചിട്ടകൾ മാറ്റുമ്പോൾ പൊട്ടിയെ ശിവോതിയാക്കാൻ കഴിയുമെന്ന ഉദയമാണല്ലോ സംക്രമത്തിന്റെ സൗന്ദര്യം. പക്ഷേ, ഉദയം പോലെ അസ്തമയവും ശ്രേയസ്കരമാണെന്ന ആശയവും കവിതയിലുണ്ട്.

'ആടും പയ്യും പെരുക്കട്ടെ
വിശപ്പേറുകയല്ലയോ?
നമുക്ക് മർത്ത്യരെപ്പറ്റി-
യിതേയാശംസ പറ്റുമോ?
ഒറ്റയ്ക്കെടോ നേർന്നു കൊൾക
ദീർഘായുസ്സിനുവേണ്ടി നീ
കൂട്ടപ്രാർത്ഥന നമ്മൾക്കി-
ന്നാൾപ്പെരുപ്പം വിലക്കുവാൻ.'

മാനവവംശമഹാകഥ വേദമാണെങ്കിലും പെരുകിവരുന്ന ആ വേദം വലിയൊരു വേദനയാണെന്ന തീക്ഷ്ണബോധമാണ് ഈ പരിഹാസം. മുതിർന്നവർ കണ്ട പെരുങ്കോട്ട മുന്നിൽവെച്ചു തകരുമ്പോൾ കണ്ണീർ പൊഴിക്കാതിരിക്കണമെങ്കിൽ ചിരിക്കണം. പഴയ കാലത്തെ എന്നപോലെ പുതിയ ആശയത്തേയും പുനഃപരിശോധന ചെയ്തേ സൂക്ഷിക്കാവു എന്ന ആശയത്തിന്റെ നൊമ്പരവും ശ്രദ്ധേയം തന്നെ.

ചെറിയ പ്രശ്നവും ചിലപ്പോൾ വലിയ ആശയങ്ങളായി വ്യാഖ്യാനിക്കപ്പെടാറുണ്ട്. സൗന്ദര്യത്തിന്റെ മോഹനതയോ സന്ദർഭത്തിന്റെ ഗൗരവമോ ആവാം ചിലപ്പോൾ അതിനു കാരണം. മേച്ചിൽ പറമ്പുകൾ തേടി വരുന്ന കവിതയും മേഞ്ഞു നടക്കുന്ന കവിതയും തമ്മിൽ വ്യത്യാസമുണ്ട്. മേഞ്ഞുനടക്കുന്ന കവിതകളിലൊന്നാണ് കറുത്തചെട്ടിച്ചികൾ. മേയാൻ കേരളത്തിലേക്കു വരികയും പോകുമ്പോൾ കേരളത്തെ അനുഗ്രഹിക്കുകയും ചെയ്യുന്ന ചെട്ടിച്ചികൾ കാവ്യത്തിന്റെ പ്രമേയമാണ്. പക്ഷേ, ശാശ്വതമായ വേദനയാണ് ജീവിതമെന്ന ബോധമത്രേ ആ കവിത. തുലാവർഷത്തിന്റെ നീലിമപോലെ ദുഃഖാകുലമായ അന്തരീക്ഷത്തെ നിലാവിന്റെ പ്രഭയിലൂടെ ആരും ആനന്ദിക്കുമാറ് എഴുതിയ വലിയ കവിതയാണ് അത്. വന്നും പോയും കൊന്നും ചത്തും വീണും മാഞ്ഞു പോകുന്ന മർത്ത്യജീവിതത്തിൽ മധുരിമയാണല്ലോ ചിറ്റം. അഥവാ ചിത്തിലെ വിഷാദയോഗം. സ്വന്തം ഹൃദയത്തിൽ നിന്നു തന്നെ ചോർന്നുപോകുന്നില്ലേ ആ മഹായോഗം എന്ന ഖേദം ഇടശ്ശേരിയുടെ കവിതയിൽ എല്ലായിടത്തും കാണാം. വേദന പരാതിയുണ്ടാക്കുമല്ലോ. വന്നവർക്കു കൂലികൊടുത്തു പറഞ്ഞു വിട്ടിട്ടുണ്ടാവാം. പക്ഷേ വന്നവരെ വിശ്വസിച്ചു സ്നേഹിച്ചു വിളിച്ചു താമസിപ്പിച്ചിട്ടുമുണ്ട്

കേരളം. എന്നാൽ കേരളത്തിന്റെ തറവാടിത്തഘോഷണത്തെ തന്നെയാണ് കവി തീക്ഷ്ണമായി ഉപഹസിക്കുന്നത്.

‘നൂനം മഹോന്നതം തന്നെ മലനാട്
മാനിച്ചുയർത്തിപ്പിടിക്കുന്ന മേന്മകൾ
ഇത്തറവാടിത്ത ഘോഷണത്തെപ്പോലെ
വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ’

വൃത്തികേട് തറവാടിത്തത്തിനാണോ? അല്ലെന്ന് കവി തന്നെ മറിച്ചും പറയുന്നു.

‘നന്ദിപറയുന്നു നിങ്ങൾക്കു നീലച്ച
സുന്ദരിമാരെ വിധേയമിക്കേരളം’

അപ്പോൾ കേരളത്തിന്റെ തറവാടിത്തവും കവിയിലുണ്ട്. സ്വന്തം ചെപ്പിലെ വേദന സ്നേഹത്തിന്റെ പേരാറ് വറ്റിപ്പോകില്ലേ എന്ന ആശങ്കയിലെ കയ്പുരസത്തിൽ കലർന്ന ലാവണ്യം തന്നെയാണിത്. അപ്പുറത്തും ഇപ്പുറത്തും നീലച്ച വിഷാദംവച്ച് നടുവിൽ ശകാരംകൊണ്ട് ശുദ്ധിമാറ്റിയ മാർദവമാണ് ഈ മോഹനം. കാലഘട്ടത്തെ മാറ്റുമ്പോൾ കാലക്കേടുകൊണ്ട് തേടിയെത്തുന്ന നീണ്ട തുലാവർഷംകൂടി പോകില്ലേ എന്ന ഭീതി വേദനിപ്പിച്ചതാണ് സിദ്ധമന്ത്രം പോലെ മുഴങ്ങുന്ന ഈ മലയാളകവിത.പുതുമയിലെ പഴമ പുതിയ യുഗത്തിലേക്ക് രഥം തിരിച്ചുകൊണ്ടുവരുമ്പോൾ സഞ്ചാരവേഗം പഴയകാലത്തിലേക്കും കൊണ്ടുപോകുവാനാണ് ചില സ്ഥലങ്ങളിൽ കവി യത്നിച്ചിട്ടുള്ളത്. പാടിപ്പറക്കുന്നത് മുന്നോട്ടാണെങ്കിലും പായുന്നത് പിന്നോട്ടാണെന്ന ഗതിയാണിത്. നിശ്ചയ ദാർഢ്യത്തിലെ വാക്യങ്ങൾ കേൾക്കുമ്പോൾ കർമബോധ മാണെന്ന് കരുതുന്നത് വിദ്യയല്ല. ചകിരിക്കുഴികളെക്കുറിച്ച് കേട്ടിട്ടുള്ളതൊക്കെ കലാപം കവിതയാക്കിയതാണെന്നാണ്. ഒക്കെയും കലാപമാണെങ്കിൽ ആ കവിത കലാപത്തിന്റെ ബോധകല സ്പർശിച്ചിട്ടില്ലെന്ന് ഞാൻ പറയുന്നു. കാലത്തെ വിളിച്ചുമാറ്റാൻ ബോധത്തിന്റെ വിനോദം ആവശ്യമാണെന്നു കരുതാം. പക്ഷേ, ബോധം തന്നെ വിനോദമായാലോ? തുടക്കത്തിൽ നീട്ടിവച്ച വിവരണം വിനോദത്തെ വിടർത്തിക്കൊണ്ട് വിദ്വേഷത്തെ വേധിക്കുകയാണ് ചെയ്തിട്ടുള്ളത്.

‘മലയ മഹാചല സാനു കുലുക്കിയ
മത്തദ്വിരദം പായുമ്പോൾ
കരിവരിവണ്ടിൻ മദനീർ മോന്തി-
ക്കവിളിൽ പറ്റാൻ തരമാകെ
നിശ്ചലമവനെച്ചന്ദന തരുവിൽ
നിർത്തിക്കെട്ടും തുടരില്ലേ.
കയർ, ചകിരിക്കയർ കേരളമേ നിൻ
കരശില്പത്തിൻ വിരുതല്ലോ
അലകടലുകളെക്കരകളെ ദൂര-
ത്താട്ടിയകറ്റിയ കടലുകളെ,
കൊടിയ കൊടുങ്കാറ്റോടിപ്പാഞ്ഞി-
ട്ടക്കര കാണാക്കടലുകളെ
എറയച്ചാലുകണക്കെന്നാക്കിയ
പെരുതാം പായക്കപ്പലുകൾ
കരയെക്കരയൊടിണക്കി മനുഷ്യരെ-
യൊന്നിപ്പിക്കും കപ്പലുകൾ.’

ഈ ബോധം വേദനയല്ലല്ലോ. കേവലവിനോദം മാത്രമാണല്ലോ എന്നാൽ എങ്ങോട്ടും കാലത്തെ വിടില്ല എന്ന സ്വഭാവം ഈ കവിതയിലും കാണാം. കളം മറച്ച കാളി വെളിയിൽ വരുമ്പോൾ കോൽത്തിരി ഉഴിയാറുണ്ട്. കവിതയുടെ കളത്തിനു പുറത്ത് കമ്പിത്തിരി കത്തിച്ചുകൊണ്ട് കാവ്യത്തെ ശോഭനമാക്കാൻ അദ്ദേഹം യത്നിച്ചത് നന്നായി.

## അഭയത്തിലെ ഭയം

മുന്നോട്ടു ചുവടുവെച്ചുകൊണ്ട് പിന്നോട്ടു സഞ്ചരിച്ച് മുന്നിൽ വന്നു നില്ക്കുന്ന രസസ്വഭാവമാണ് മാർക്കണ്ഡേയനിലും കാണുന്നത്. കാലത്തെത്തടയാൻ കാലത്തെ അനുസരിക്കുക എന്നാണ് ആ കവിത. എങ്ങോട്ടു നോക്കിയാലും കാലമാണെന്ന വിശ്രുതമായ സങ്കല്പത്തെ വിദഗ്ദ്ധമായി വിപുലനം ചെയ്തിരിക്കുകയാണദ്ദേഹം. അമ്മയെന്ന അനന്തസങ്കല്പം ഇതിലുണ്ട്. അമ്മയും അച്ഛനും കൂടിച്ചേർന്നു മകനെ ജയിപ്പിക്കുന്നു. മുന്നോട്ടു ഗമിക്കുന്നത് കവിയും പിന്നോട്ടു ഗമിക്കുന്നത് മനുഷ്യനുമാണെന്ന സങ്കല്പം മന്ത്രംപോലെ മണിവിളക്കുപോലെ തെളിച്ചുവച്ചിട്ടുണ്ട് ഈ കവിതയിൽ.

'അമൃതാത്മകമാകും സത്തതൻ ശരിക്കും പിൻ–
തുടർച്ചക്കാരന്നേലുമാത്മവിശ്വാസത്തോടും.'

ഓടാതെ ഓടി ജയിക്കാവുന്ന വിശ്വാസമാണിത്. ഓട്ടത്തിൽ കവിക്കു നേട്ടംതന്നെ. എന്നാൽ ഓടുമ്പോൾ പിന്നിടുന്നത് കാലത്തെയോ ദൂരത്തെയോ? ഓടുമ്പോൾ മറയുന്നത് ബോധമോ, ലോകമോ? ഓട്ടം ഒടുവിൽ ചെന്നെത്തുന്നത് ഓടാൻ തുടങ്ങിയിടത്തുതന്നെയെന്ന ബോധധാര അദ്ദേഹത്തിലും നീൾവരയിട്ടിരുന്നു.

'മൃത്യുവോ സർവം? സർവം മിഥ്യയോ പലായന
രഥ്യയിൽത്താനോ പിണ്ഡാണ്ഡങ്ങൾതൻ സ്ഥിരംഭാവം
എങ്കിലേതിൻ നേർക്കനുക്ഷണമാം തകർച്ചയോ
ടണ്ഡഭാണ്ഡത്തിൽ മഹാപ്രസ്ഥാനമനാദികം,
അവിടെച്ചെന്നെത്തുവാൻ കുതിപ്പൂ മർത്ത്യൻ
ഭവാൻ അമരസങ്കല്പത്തിൻ തളരാച്ചിറകോടെ'.

അനന്തമായ ബോധകേന്ദ്രത്തെ മുന്നിൽ കണ്ടിട്ടും രണ്ടായി പിളർന്ന സ്വന്തം ധർമബോധത്തിന്റെ മുദ്രയിൽ ഭയം കാണുകയാണ് ചെയ്യുന്നത്. രണ്ടുവഴി ചിന്തിച്ച് ഒരു വഴി തിരഞ്ഞെടുക്കുമ്പോഴും നടക്കാൻ ഭയന്നിരുന്നു എന്നാണ് മനസ്സിന്റെ വിവരണം. നിശ്ചയത്തെ മുൻനിർത്തിക്കൊണ്ട് നിർദ്ദേശങ്ങളെ പിൻതള്ളാൻ ആഗ്രഹിച്ചിരുന്നു എന്നുകൂടി ഇവിടെ ധ്വനിയുണ്ട്. ഇഴയൂരി വീണിട്ടും ഉയിർ പോകാത്തതാണ് ഈ കാവ്യത്തിന്റെ ജീവതന്തു. ആദിബോധത്തെ ബോധകേന്ദ്രത്തിൽ അർപ്പണം ചെയ്തിരുന്നു എന്നതാണ് കാരണം.

കാലത്തെ കടിഞ്ഞാണിട്ടു പിടിക്കുകയും കാമ്യഫലം തരുന്ന സ്ഥലത്തേക്കു നയിക്കുകയും ചെയ്യുക എന്ന സങ്കല്പം ആധുനികലോകത്തിന്റെ കണ്ണുകളിൽ തെളിയാൻ തുടങ്ങിയിട്ട് കാലം ഏറെ കഴിഞ്ഞിരിക്കുന്നു. കാലത്തെ കണ്ണിൽവച്ചു കളിപ്പിക്കുന്നവരും കാലത്തിന്റെ കണ്ണിനെ ബോധപൂർവം മൂടുവാൻ ശ്രമിക്കുന്നവരും കാലത്തെ ബോധത്തിലേക്ക് വിടർത്താതിരിക്കുവാനാണ് ശ്രമിക്കുന്നത്. കാലത്തിന്റെ കോണിലിരുന്നുകൊണ്ട് കാലത്തെ ഓമനിക്കുന്നവരും കാലത്തിന്റെ കർമത്തെക്കണ്ട് അമ്പരക്കുന്നവരും കാലജയത്തിന്റെ മുദ്രാവാക്യമാണല്ലോ മുഴക്കുന്നത്. അന്തസ്സില്ലാത്ത ഈ സമാരംഭം അബദ്ധജടിലമാണെന്ന് പ്രൊഫ: മുണ്ടശ്ശേരി പറഞ്ഞത് സത്യം തന്നെ. അന്തസ്സത്തയിലേക്ക് കാലത്തെ വിളിക്കുകയും അന്തരാത്മാവിലെ കാവ്യബോധത്തിൽ അതിന്ന് മഹത്ത്വം നല്കാൻ ശ്രമിക്കുകയും ചെയ്ത മലയാളകവി ഇടശ്ശേരി തന്നെ.

## മാറ്റിവച്ച മാതൃത്വം

അന്തരാത്മാവിന്റെ മണിവീണയിലൂടെ അനന്തതയോളം മുഴങ്ങി കേൾക്കുമാറ്, അന്തസ്സോടെ പെങ്ങൾ എന്ന മധുരസങ്കല്പത്തെ മനോഹരമായി വിടർത്തിയ പ്രതിഭയാണ് ഇടശ്ശേരിയുടേത്. അന്തർധാരയിൽ ഈ മഹാശക്തി അമ്മയാണ്. അമ്മയുടെ മാറ്റിവയ്ക്കപ്പെട്ട ബോധമാണ്; അമ്മയേക്കാൾ അനശ്വരയുമാണ്. മുമ്പിലേക്കു മാതൃകല വിടർന്നുവരുന്ന മൂന്നു മഹാസന്ദർഭങ്ങളുണ്ട് ഇടശ്ശേരിക്കവിതയിൽ. മുന്നിലേക്കു വരുന്ന അമ്മ അച്ഛനെ പരിത്യജിക്കുന്ന സന്ദർഭമാണ് അതിലെ ഒന്ന്. കർമകൗശലം കൊണ്ട് ദീപം മറയ്ക്കുമ്പോഴും കവികൾ സത്യം വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. കർമവാസനയെ ധർമബോധമാക്കി ശൈശവത്തിന്റെ പേശലതയെ ഇച്ഛാശക്തിയാക്കി (അച്ഛൻ) തിരിച്ചെടുക്കുന്ന സന്ദർഭത്തിന്റെ തീക്ഷ്ണതയാണത്. അമ്മയും പെങ്ങളുമായ അമ്മ അമ്മയുടെ മകനെ തിരിച്ചെടുക്കുന്ന സന്ദർഭമാണ് രണ്ടാമത്തേത്. മുന്നിൽ നിശ്ശബ്ദമായി ചുമർചിത്രങ്ങൾ വരയ്ക്കുന്ന വിളക്കിനു മുന്നിൽവച്ച് അന്തർമണ്ഡലത്തെ ആവാഹിച്ചെടുത്തുകൊണ്ടു പെങ്ങൾ മറയുന്ന ചിത്രമാണ് കാവ്യമണ്ഡലം. 'അന്തർമണ്ഡലത്തിൽനിന്ന് അകന്നുപോയ ഈ അമ്മ വീണ്ടും മകന്റെ മുന്നിൽവച്ച് നീർപ്പരപ്പിൽ മുങ്ങിമറയുന്നു. അമ്മയുടെ നീണ്ടപാശത്തിൽനിന്ന് മകൻ മോചനം നേടി എന്നതാണ് അതിന്റെ പരമാർഥവും വേദനയും. മുങ്ങലും മറയലും പൊങ്ങലും പൂർണതയെയല്ല വ്യഞ്ജിപ്പിക്കുന്നത്. എന്നാൽ അപൂർണതയുടെ ചാരുതയല്ല. അനന്തതയുടെ ഗാംഭീര്യമാണ് അഹങ്കാരം മാറ്റിവച്ചെഴുതിയ ആ കാവ്യശില്പങ്ങൾക്കുള്ളത്.

## ശാന്തിമന്ത്രം

കാവ്യത്തിന്റെ മൂടുപടത്തിലെ പൂർണതയല്ല കാവ്യത്തിന്റെ അന്തരാത്മാവിന്ന് – ധ്വനിക്ക് – ഉള്ളത്. കണ്ണിൽ കണ്ടതിനെ മറയ്ക്കുന്ന മായാപടമാണ് കാവ്യത്തിന്റെ മുഖപടം. കണ്ടതും കാണാത്തതുമുണ്ട് കവിതയിൽ. കാണാത്തതിനെ കാണുമ്പോഴാണ് കണ്ടതെല്ലാം കാഴ്ചയായി

മാറുന്നത്. കണ്ടതു മാത്രമാണ് സത്യമെന്നു കരുതുന്നവർ കാണാത്തതിനെ അവഗണിക്കുകയാണ് ചെയ്യുന്നത്. കാവ്യത്തിൽ നിന്ന് രോചകമായ സമവാക്യങ്ങൾ പെറുക്കിയെടുത്തു കൊണ്ട് കാവ്യകർത്താവിന്റെ ആശയസംഹിതയെ വിലയിരുത്തുന്ന സ്വഭാവമാണ് ഇന്ന് നിലവിലുള്ളത്. ഇതിലൊന്നാണ് ഇടശ്ശേരിക്കവിതയിലെ ക്രൗര്യത്തെപ്പറ്റിയുള്ള പരാമർശം. അതിബോധംകൊണ്ട് ഊണം നൽകപ്പെട്ട വാക്യങ്ങൾ ആശയസംഹിതയെയല്ല, അതിനെതിരായി അന്തഃകരണത്തെ ഉലയ്ക്കുന്ന വേദനയെയാണ് വ്യഞ്ജിപ്പിക്കുന്നത്. ആർക്കും ഒരപകാരവും ചെയ്യാത്ത മുള്ളൻചീരയെ മുറിച്ചതു കാണുമ്പോൾ സ്വന്തം അന്തരാത്മാവിന്റെ ഉപകാരബോധത്തിലാണ് മുറിപ്പാടേൽക്കുന്നത്. നമ്മുടെ ഉപകാരങ്ങളിൽ തന്നെ അപകാരങ്ങളുണ്ട് എന്ന് നമ്മെ ബോധ്യപ്പെടുത്തുന്ന സന്ദർഭങ്ങളിലൊന്നാണത്. ഇളവെയിലിൽ തുടുത്തു നിൽക്കുന്ന ഈ മുള്ളൻചീര പഴയ വളപ്പിന്റെ കളയാണ്. അതിനെ അറുത്തു ഹോമിക്കാതെ ആശയത്തിന്റെ പുതുമുള പൊട്ടില്ല. സ്വന്തം അന്തഃസംസ്കാരത്തിൽ ആദിപൂർവ ദേവലോകത്തെ - ആധുനികജീവിതത്തിന്റെ വികാസത്തെ വെറുക്കുകയും വിലക്കുകയും ചെയ്യുന്നവർ വർണ ശബളവും ആകർഷകവുമായ നവ്യകാവ്യസംസ്കാരം കാണില്ല. നിശ്ചയമായും പിളർക്കുന്ന കൂരമ്പാണിത്. ആരിഷ്ടപ്പെട്ടാലും ശരി. അനിവാര്യമായ ഈ ബലി ആവർത്തിച്ചേ മതിയാവു എന്നതാണ് അധീശബോധത്തിൽ അദ്ദേഹം എഴുതിയ നല്ലൊരു സമവാക്യം.

‘വിജയിക്ക മേൽക്കുമേൽ ക്രൗര്യമേ സംസ്കാര
വിഭവത്തിലെന്നുടെ പൈതൃകം നീ.’

പരിഭവത്തെ മുള്ളുവാക്കായും ക്രൂരതയെ വിനോദമായും മാറ്റുക എന്ന മധുരകടാക്ഷമാണ് ഇതിലെ മഞ്ജുളമായ ശാന്തിഭാഷ. സമബലം എന്ന ബാലൻസിനുവേണ്ടി എന്നും നിദ്രയിലൂടെ പുരാതനതയെ പുതുക്കി പുതിയ ലോകം പണിഞ്ഞു രസിക്കുന്നവർക്ക് സൗന്ദര്യബോധമെന്നു പറയുന്നതും ഈ ബലിതന്നെ.

പഴയ ദേവദാരുക്കൾ ആരും കാണത്തക്കവണ്ണം കടഞ്ഞെടുത്തു കൊണ്ടാണ് പുതിയ കാവ്യശില്പം ഇടശ്ശേരി നിർവഹിച്ചിട്ടുള്ളത്. ഒട്ടൊട്ടൊഴുക്കനായി ഒട്ടനേകം പുതുപണിത്തരങ്ങളും അദ്ദേഹം സ്വന്തം കൈകൊണ്ട് കൊത്തി എടുത്തിട്ടുണ്ട്. ഓളം മാറ്റിനോക്കിയാൽ ഓർമകൾ സംസ്കൃതസാഹിത്യത്തിന്റേതും ഓളപ്പാത്തിയെ മുറിക്കുവാനുള്ള മിടുക്ക് ചമ്പുകാരന്മാരുടേതും ആണെന്ന് ബോധ്യമാകും. പദാവലികളും താളക്രമങ്ങളും ഏറെക്കുറെ അവതന്നെ. പക്ഷേ, സ്വന്തം രക്തത്തിൽ ചാലിച്ചെടുത്തതുകൊണ്ട് സ്വന്തമായ നാദത്തിന്റെ ഉടമസ്ഥനായി അദ്ദേഹം മാറുകയാണ് ചെയ്തത്. ചുരുക്കത്തിൽ പുതുക്കിപ്പണിയുക, വീണ്ടും പുതുക്കിപ്പണിയുക എന്ന ആർജവം നിറഞ്ഞ ആശയത്തിന്റെ ആത്മാർത്ഥമായ ആവിഷ്കാരമാണ് ഇടശ്ശേരി. ആത്മാവിഷ്കാരമാണല്ലോ കാവ്യലോകം!.

ജി. എൻ. പിള്ളയുടെ പ്രബന്ധം 96